212

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PUBLIC DEBT ACT, 1944
(18 of 1944)

# പൊതുക്കടം ആക്റ്റ്, 1944

(1944-ലെ 18-ാം നമ്പർ ആക്റ്റ്)

വില : Rs. 2-80

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റു പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PUBLIC DEBT ACT, 1944

(18 of 1944)

# പൊതുക്കടം ആക്റ്റ്, 1944

(1944-ലെ 18-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറു പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# പൊതുക്കടം ആക്റ്റ് 1944

## (1944-ലെ 18)

### വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ—


1 ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

I(ക) ഈ ആക്റ്റ് ബാധകമാകുന്നത് ഏത് ഈടു പത്രങ്ങൾക്കാണെന്ന്

2 നിർവ്വചനങ്ങൾ

3 ഗവൺമെൻറ് ഈടുപത്രങ്ങളുടെ കൈമാററം

4 ഗവൺമെൻറ് ഈടുപത്രങ്ങൾ കൈമാററം ചെയ്യുന്ന ആൾ അതിലെ തുകയ്ക്കു ബാദ്ധ്യസ്ഥനല്ലെന്ന്

5 പബ്ലിക്ക് ഉദ്യോഗങ്ങൾ വഹിക്കുന്നവർ ഗവൺമെൻറ് ഈടുപത്രങ്ങൾ കൈവശം വയ്ക്കുന്നത്

6 ട്രസ്റ്റ് നോട്ടീസ് കൈപ്പററാവുന്നതല്ലെന്ന്

7 ഏക കൈവശക്കാരനായി മരിച്ചുപോയ ഒരാളുടെ ഗവൺമെൻറ് ഈടുപത്രത്തിന് അവകാശമുള്ള ആളുകളുടെ ഉടമാവകാശം ബാങ്കിന് അംഗീകരിക്കാവുന്നതാണെന്ന്.

8 കൂട്ടുകൈവശക്കാരുടേയോ പണം കിട്ടേണ്ട പലരുടേയോ അവശേഷിക്കുന്ന അവകാശികൾക്കുള്ള അവകാശം

9 മുഖവില അയ്യായിരം രൂപയിൽ കവിയാത്ത ഗവൺമെൻറ് ഈടുപത്രങ്ങളുടെ കൈവശക്കാരൻെറ മരണത്തിൻമേലുള്ള സമ്മറി നടപടി

9 (ക) 9—ഖ, 9—ഗ മുതലായ വകുപ്പുകളുടെ ബാധകത

9(ഖ) ഗവൺമെൻറ് ഈടുപത്രങ്ങൾ കൈവശമുള്ളവരാലുള്ള നാമനിർദ്ദേശങ്ങൾ

9(ഗ) കൈവശക്കാരൻെറ മരണത്തിൻമേലുള്ള പണം നൽകുന്നത്

10 മൈനറുടെയോ ചിത്തഭ്രമമുള്ള ആളുടേയോ വകയായ അയ്യായിരം രൂപയിൽ കവിയാത്ത മുഖവിലയുള്ള ഗവൺമെൻറ് ഈടുപത്രങ്ങൾ

11 പരിവർത്തനം ചെയ്യുകയോ, ഏകീകരിക്കുകയോ, ഉപവിഭജനം ചെയ്യുകയോ, പുതുക്കുകയോ ചെയ്യുന്നതിൻമേൽ ഡ്യൂപ്ലിക്കേററ് ഈടുപത്രങ്ങളും പുതിയ ഈടുപത്രങ്ങളും പുറപ്പെടുവിക്കുന്നത്

12 തർക്കത്തിൻെറ സംഗതിയിൽ ഗവൺമെൻറ് ഈടുപത്രത്തിൻെറ അവകാശം സംബന്ധിച്ച് ബാങ്കിൻെറ സമ്മറിയായ തീരുമാനം

13 ഗവൺമെൻറ് ഈടുപത്രങ്ങൾ സംബന്ധിച്ച് ബാധകമാകുന്ന നിയമം

14 തെളിവ് റിക്കാർഡാക്കുന്നത്

15 നിക്ഷിപ്തമാക്കാനുള്ള ഉത്തരവു ചെയ്യുന്നതു നിലവിലിരിക്കെ, പണം കൊടുക്കുന്നതും കൈമാററങ്ങളുടെ രജിസ്ട്രേഷനും മാററിവയ്ക്കുന്നത്

16 ബാണ്ടുകൾ ആവശ്യപ്പെടാൻ ബാങ്കിനുള്ള അധികാരം

17 ഔദ്യോഗിക ഗസററിൽ നോട്ടീസുകൾ പ്രസിദ്ധപ്പെടുത്തുന്നത്

18 നിക്ഷിപ്തമാക്കുന്ന ഉത്തരവിൻെറ പരിധി

19 ബാങ്കു ചെയ്യുന്ന ഉത്തരവുകൾക്കുള്ള നിയമപരമായ ഭാവം

20 കോടതിയുടെ ഉത്തരവിൻമേൽ നടപടികൾ നിറുത്തിവയ്ക്കുന്നത്

21 നിക്ഷിപ്തമാക്കലിനുള്ള നടപടികൾ ബാങ്ക് ദുർബലപ്പെടുത്തുന്നത്.

22 ഗവൺമെൻറ് ഈടുപത്രങ്ങളിൻമേലുള്ള പലിശ സംബന്ധിച്ച ഡിസ്ചാർജ്ജ്.

23 ബേയറർ ബാണ്ടുകൾ സംബന്ധിച്ച ഡിസ്ചാർജ്ജ്

24 പലിശ സംബന്ധിച്ചുള്ള ഗവൺമെൻറിൻെറ ബാദ്ധ്യതയുടെ കാലഹരണ കാലാവധി

25 രേഖകളുടെ പരിശോധന

26 ബാങ്കും അതിലെ ആഫീസർമാരും പബ്ലിക് ആഫീസർമാരായി കരുതപ്പെടണമെന്ന്.

27 ദണ്ഡനം

28 ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

29 ചില നിയമങ്ങൾ ഗവൺമെൻറ് ഈടുപത്രങ്ങൾക്ക് ബാധകമല്ലെന്ന്

30 ഭാഗം ഖ സ്റ്റേററുകളിൽ 1951 ഏപ്രിൽ 1-ാം തീയതിക്ക് മുമ്പ് പ്രാബല്യത്തിലില്ലായിരുന്ന നിയമങ്ങളെക്കുറിച്ചുള്ള പരാമർശത്തിൻെറ അർത്ഥകല്പനം

31 ജമ്മു-കാഷ്മീരിൽ പ്രാബല്യത്തിലില്ലാത്ത നിയമങ്ങളുടെ പരാമർശങ്ങളുടെ അർത്ഥകൽപനം

(iv) 1956 നവംബർ 1-ാം തീയതിയോ അതിനുശേഷമോ, ജമ്മു-കാശ്മീർ സ്റ്റേററ് അല്ലാതെയുള്ള ഏതെങ്കിലും സ്റ്റേററ്ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഒരുഈടുപത്രത്തിൻെറ സംഗതിയിൽ, ആ തീയതിയോ അതിനുശേഷമോ ഉണ്ടാക്കിയതും,

(v) ജമ്മു കാശ്മീർ സ്റ്റേററ് ഗവൺമെൻറ് ആ തീയതിയോ അതിനുശേഷമോ പുറപ്പെടുവിച്ച ഈടുപത്രത്തിൻെറ സംഗതിയിൽ 1972 സെപ്ററംബർ 1-ാം തീയതിയോ അതിനുശേഷമോ ഉണ്ടാക്കിയതും ആയ ഒരു ഗവൺമെൻറ് ഈടുപത്രത്തിൻെറ യാതൊരു കൈമാററവും, അത്

(ക) ഈടുപത്രത്തിൻെറ മുഴുവൻ അവകാശവും നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതല്ലാതിരിക്കുകയോ,

അല്ലെങ്കിൽ

(ഖ) ഈടുപത്രം കൈവശം വയ്ക്കുന്നതിന് ഗവൺമെൻറ് പ്രകടമാക്കിയിട്ടുള്ള വിധത്തെ അത് ബാധിക്കത്തക്ക സ്വഭാവത്തോടുകൂടിയതായിരിക്കുകയോ,

ചെയ്യുന്നപക്ഷം, സാധുവായിരിക്കുന്നതല്ല.

(2) ഈ വകുപ്പിലെ യാതൊന്നും, ഈ ആക്ററിൻകീഴിൽ ബാങ്ക് ചെയ്ത ഏതെങ്കിലും ഉത്തരവിനേയോ, അല്ലെങ്കിൽ ബാങ്കിൻമേൽ ഒരു കോടതി ചെയ്ത ഏതെങ്കിലും ഉത്തരവിനേയോ ബാധിക്കുന്നതല്ല.

**ഗവൺമെൻറ് ഈടു പത്രങ്ങൾ കൈമാററം ചെയ്യുന്ന ആൾ അതിലെ തുകക്ക് ബാദ്ധ്യസ്ഥനല്ലെന്ന്.—**

4. കൈമാറാവുന്ന പ്രമാണങ്ങൾ ആക്ററ് (1881-ലെ 26-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരാൾ ഒരു ഗവൺമെൻറ് ഈടുപത്രം അയാൾ കൈമാററം ചെയ്തു എന്ന കാരണത്താൽമാത്രം, മുതൽസംഖ്യയോ അതിൻകീഴിലുള്ള പലിശയോ ആയി കൊടുക്കാനുള്ള ഏതെങ്കിലും പണം നല്കുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

**പബ്ലിക്ഉദ്യോഗങ്ങൾ വഹിക്കുന്നവർ ഗവൺമെൻറ് ഈടു പത്രങ്ങൾ കൈവശം വയ്ക്കുന്നത്.—**

5. (1) ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ഉപവകുപ്പ് ബാധകമാകുമെന്ന് ഗവൺമെൻറ് പ്രഖ്യാപിക്കുന്ന ഏതെങ്കിലും പബ്ലിക് ഉദ്യോഗത്തിൻെറ സംഗതിയിൽ, സ്ററാക്കിൻേറയോ പ്രോമിസ്സറി നോട്ടിൻേറയോ രൂപത്തിലുള്ള ഒരു ഗവൺമെൻറ് ഈടുപത്രം, ആ ഉദ്യോഗത്തിൻെറ പേരിൽ കൈവശം വയ്ക്കാവുന്നതാണ്.

(2) ഒരു ഗവൺമെൻറ് ഈടുപത്രം അങ്ങനെ കൈവശംവയ്ക്കപ്പെടുമ്പോൾ, ആ ഉദ്യോഗം വഹിക്കുന്ന ഓരോ ആളിലും നിന്ന്, ആ ഉദ്യോഗത്തിൽ തുടർന്നുവരുന്ന ആൾക്ക് പിന്നീടുവരുന്നആൾ ആ ഉദ്യോഗത്തിൻെറ ചാർജ്ജ് ഏറെറടുക്കുന്ന തീയതിയുംഅതുമുതലും ഏതെങ്കിലുമോ, കൂടുതലായുള്ളതോ ആയ എൻഡോഴ്സ്മെൻേറാ കൈമാററ ആധാരമോ കൂടാതെ അത് കൈമാററം ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

(3) ആ ഉദ്യോഗം വഹിക്കുന്ന ആൾ, ആ ഉദ്യോഗത്തിൽ തൻെറ പിൻഗാമി അല്ലാത്ത ഒരു കക്ഷിക്ക്, അങ്ങനെ കൈവശം വയ്ക്കുന്ന ഗവൺമെൻറ് ഈടുപത്രം കൈമാററം ചെയ്യുമ്പോൾ, 3-ാം വകുപ്പിൽ കൊടുത്തിട്ടുള്ള രീതിയിലും ഉപാധികൾക്ക് വിധേയമായും ആ ഉദ്യോഗം വഹിക്കുന്ന ആളുടെ കയ്യൊപ്പോടുകൂടെ ആ ആഫീസിൻെറ പേരുവച്ച് ആ കൈമാററം ചെയ്യേണ്ടതാകുന്നു.

(4) ഈ വകുപ്പ്, രണ്ടോ അതിലധികമോ ആളുകൾ കൂട്ടായി വഹിക്കുന്ന ഉദ്യോഗത്തിൻെറ കാര്യത്തിലും, ഒററ ആളായി വഹിക്കുന്ന ഉദ്യോഗത്തിൻെറ കാര്യത്തിലും ബാധകമാകുന്നതാണ്.

**ട്രസ്ററ് നോട്ടീസ് കൈപ്പററാവുന്നതല്ലെന്ന്.—**

6. (1) ഏതെങ്കിലും ഗവൺമെൻറ് ഈടുപത്രം സംബന്ധിച്ച് ഏതെങ്കിലും ട്രസ്ററിൻെറ യാതൊരു നോട്ടീസും, ഗവൺമെൻറ് കൈപ്പററുന്നതല്ലാത്തതും, അതു പ്രകടമായി നല്കപ്പെട്ടതായിരുന്നാൽതന്നെയും, അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് ഗവൺമെൻറിനെ ബാദ്ധ്യസ്ഥമാക്കുന്നതല്ലാത്തതും, ഏതെങ്കിലും ഗവൺമെൻറ് ഈടുപത്രം സംബന്ധിച്ച് ഗവൺമെൻറിനെ ഒരു ട്രസ്ററിയായി കരുതപ്പെടുന്നതല്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംകൂടാതെ, ബാങ്കിനു, സൗജന്യമെന്നനിലയിലും ബാങ്കിനോ ഗവൺമെൻറിനോ ഏതെങ്കിലും ബാദ്ധ്യത കൂടാതെയും, പലിശയോ സമയപൂർത്തിയാകുന്ന മുതലോ നല്കുന്നതിനോ, അല്ലെങ്കിൽ കൈമാററം ചെയ്യുന്നതിനോ, അല്ലെങ്കിൽ ബാങ്ക്, യുക്തമെന്നു കരുതുന്നതുപോലെ സ്ററാക്ക് സംബന്ധിച്ച മററു സംഗതികൾക്കോ വേണ്ടി സ്ററാക്കിൻെറ കൈവശക്കാരൻെറ നിർദ്ദേശങ്ങൾ ബാങ്കിൻെറ ബുക്കുകളിൽ റിക്കാർഡ് ചെയ്യാവുന്നതാണ്.

**ഏക കൈവശക്കാരനായി മരിച്ചുപോയഒരാളുടെ ഗവൺമെൻറു ഈടുപത്രത്തിൽ അവകാശമുള്ള ആളുകളുടെ ഉടമാവകാശം ബാങ്കിന് അംഗീകരിക്കാവുന്നതാണെന്ന്**

7. 9-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഗവൺമെൻറു ഈടുപത്രത്തിൻെറ ഏകകൈവശക്കാരനായ മരിച്ചുപോയ ഒരാളുടെ എക്സിക്യൂട്ടർമാരോ അഡ്മിനിസ്ട്രേട്ടർമാരോ എന്നിവരും, ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ററ്, 1925, 1925-ലെ 39, X-ാം ഭാഗത്തിൻകീഴിൽ നല്കിയിട്ടുള്ള ഒരു പിൻതുടർച്ചാവകാശ സർട്ടിഫിക്കററു കൈവശമുള്ള ആളും മാത്രം, ഗവൺമെൻറു ഈടുപത്രത്തിന് ഏതെങ്കിലും അവകാശമുള്ളവരായി ബാങ്കിനു അംഗീകരിക്കപ്പെടാവുന്ന ആളുകൾ ആയിരിക്കുന്നതാണ് :

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും, ഹിന്ദു മിതാക്ഷരനിയമത്താൽ അനുശാസിക്കപ്പെടുന്ന ഒരു ഹിന്ദു അവിഭക്ത കുടുംബത്തിലെ മാനേജരേയോ അവശേഷിക്കുന്ന ഏകപുരുഷ അംഗത്തേയോ, ഒരു ഗവൺമെൻറ് ഈടുപത്രത്തിന് അവകാശമുള്ളവനായി, കുടുംബത്തിലെ മരിച്ചുപോയ അംഗത്തിൻെറ

പേരിൽ ഈടുപത്രം നിലക്കുന്നതായി ബാങ്കിന് തോന്നുകയും അങ്ങനെയുള്ള മാനേജരോ അവശേഷിക്കുന്ന അംഗമോ അയാളുടെ അവകാശം അംഗീകരിക്കുന്നതിന് അപേക്ഷ കൊടുക്കുകയും, അതിനെ അങ്ങനെയുള്ള അധികാരസ്ഥാനം ഒപ്പിട്ട ഒരു സർട്ടിഫിക്കററുവഴി പിന്താങ്ങിയിരിക്കുകയും ഹിന്ദുമിതാക്ഷര നിയമത്താൽ അനുശാസിക്കപ്പെടുന്ന ഒരു ഹിന്ദു അവിഭക്ത കുടുംബത്തിൽ മരിച്ചുപോയ ആൾ ഉൾപ്പെട്ടിരുന്നു എന്നും, ഗവൺമെൻറു ഈടുപത്രം കുടുംബത്തിൻെറ കൂട്ടുവസ്തുവിൻെറ ഭാഗമായിരുന്നു എന്നും, അപേക്ഷകൻ കുടുംബത്തെ മാനേജ്ചെയ്യുന്നതോ കുടുംബത്തിലെ ഏകനായ അവശേഷിക്കുന്ന പുരുഷഅംഗമോ ആണെന്നും നിർണ്ണയിക്കപ്പെടുന്നതുപോലെയുള്ള അന്വേഷണത്തിനുശേഷം ഫലം ഉണ്ടാകുകയും ചെയ്യുമ്പോൾ ബാങ്ക് അംഗീകരിക്കുന്നതിനെ തടയുന്നതല്ല.

വിശദീകരണം.—"മിതാക്ഷര നിയമത്താൽ അനുശാസിക്കപ്പെടുന്ന ഹിന്ദു അവിഭക്ത കുടുംബം" എന്ന പദപ്രയോഗത്തിൽ, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഒരു മലബാർ തറവാടു ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

**കൂട്ടു കൈവശക്കാരുടേയോ പണം കിട്ടേണ്ട പലരുടേയോ അവശേഷിക്കുന്ന അവകാശികൾക്കുള്ള അവകാശം.**

8. ഇൻഡ്യൻ കാൺട്രാകററ് ആക്ററ്, 1872 (1872-ലെ 9) 45-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും,

(ക) ഒരു ഗവൺമെൻറു ഈടുപത്രം രണ്ടോ അതിലധികമോ ആളുകൾ കൂട്ടായി കൈവശം വച്ചിരിക്കുകയും അവർ രണ്ടുപേരിൽ ആരെങ്കിലുമോ അവരിൽ ആരെങ്കിലുമോ, മരിക്കുകയും ചെയ്യുമ്പോൾ, ഈടുപത്രത്തിനുള്ള അവകാശം, അങ്ങനെയുള്ള ആളുകളുടെ ജീവിച്ചിരിക്കുന്ന അവകാശിയിലോ അവകാശികളിലോ നിക്ഷിപ്തമാകുന്നതും,

(ഖ) ഒരു ഗവൺമെൻറു ഈടുപത്രം രണ്ടോ അതിലധികമോ ആളുകൾക്ക് വെവ്വേറെയായി കൊടുക്കാവുന്നതും അവർ രണ്ടുപേരിൽ ആരെങ്കിലുമോ അവരിൽ ആരെങ്കിലുമോ മരിക്കുകയും ചെയ്യുമ്പോൾ, ഈടുപത്രം, അങ്ങനെയുള്ള ആളുകളുടെ ജീവിച്ചിരിക്കുന്ന അവകാശിക്കോ അവകാശികൾക്കോ അല്ലെങ്കിൽ മരിച്ചുപോയ ആളുടേയോ ഇവയിൽ ആരുടേയെങ്കിലുമോ പ്രതിനിധിക്കോ കൊടുക്കേണ്ടതും ആകുന്നു.

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഈ വകുപ്പു ബാധികമാകുന്ന ഏതെങ്കിലും ഈടുപത്രത്തിൻ കീഴിലോ അതുസംബന്ധിച്ചോ ജീവിച്ചിരിക്കുന്ന അവകാശിക്കോ അവകാശികൾക്കോ എതിരായി മരിച്ചുപോയ ആളുടെ ഏതെങ്കിലും പ്രതിനിധിക്ക് ഉണ്ടായേക്കാവുന്ന ഏതെങ്കിലും അവകാശത്തെ ബാധിക്കുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, കമ്പനികൾ ആക്ററു, 1956 (1956-ലെ 1) നോ സഹകരണസംഘങ്ങൾ ആക്ററു, 1912 (1912-ലെ 2) നോ അല്ലെങ്കിൽ വ്യക്തികളുടെ സമാജങ്ങൾക്കുള്ള ഏകാംഗീകരണത്തെ സംബന്ധിച്ച് ഇൻഡ്യക്കകത്തോ പുറത്തോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും അധിനിയമത്തിനോ കീഴിൽ ഏകാംഗീകരിക്കപ്പെട്ടതോ ഏകാംഗീകരിക്കപ്പെട്ടതായി കരുതപ്പെടുന്നതോ ആയ ഒരു നികായം, അതു പിരിച്ചുവിടുമ്പോൾ ഇല്ലാതായതായി കരുതപ്പെടുന്നതാകുന്നു.

**മുഖവില അയ്യായിരം രൂപയിൽ കവിയാത്ത ഗവൺമെൻറുഈടുപത്രങ്ങളുടെ കൈവശക്കാരൻെറ മരണത്തിൻമേലുള്ള സമറി നടപടി.**

9. 7-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മൊത്തം അയ്യായിരം രൂപയിൽ കവിയാത്ത മുഖവിലയുള്ള ഗവൺമെൻറ് ഈടുപത്രത്തിൻേറയോ ഈടുപത്രങ്ങളുടേയോ കൈവശക്കാരനായ ആളുടെ മരണത്തിന് ആറുമാസത്തിനകം, അയാളുടെ മരണപത്രത്തിൻെറ പ്രൊബേററോ, അയാളുടെ എസ്റേററിൻെറ അഡ്മിനിസ്ട്രേഷൻ ലെറേറഴ്സോ, ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ററ്, 1925, X-ാം ഭാഗത്തിൻകീഴിൽ പുറപ്പെടുവിച്ച ഒരു പിൻതുടർച്ചാവകാശ സർട്ടിഫിക്കേറോ, ബാങ്കിൽ ഹാജരാക്കാതിരിക്കുകയോ അല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും ഒന്നു ലഭിക്കുന്നതിനു നടപടികൾ തുടങ്ങിയിട്ടുണ്ടെന്നു ബാങ്കിന് തൃപ്തികരമായവിധത്തിൽ തെളിവു നല്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ഈടുപത്രത്തിനോ ഈടുപത്രങ്ങൾക്കോ അല്ലെങ്കിൽ മരിച്ചുപോയ ആളുടെ എസ്റേററുകൾ അഡ്മിനിസ്ററർ ചെയ്യുന്നതിനോ അവകാശപ്പെട്ട ആൾ ആരാണെന്നു ബാങ്കിന് നിശ്ചയിക്കാവുന്നതും, അങ്ങനെ നിശ്ചയിക്കപ്പെട്ട ആളിൽ ഈടുപത്രമോ ഈടുപത്രങ്ങളോ നിക്ഷിപ്തമാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കാവുന്നതും ആകുന്നു.

**9-ഖ, 9-ഗ, മുതലായ വകുപ്പുകളുടെ ബാധകത.—**

9ക. 1ക വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 9-ഖ, 9-ഗ, എന്നീ വകുപ്പുകളിലെ വ്യവസ്ഥകളും 9-ഖ, 9-ഗ, എന്നീ വകുപ്പുകളിൽ പരാമർശിക്കുന്ന ഏതെങ്കിലും സംഗതികൾ സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരങ്ങളും, കേന്ദ്രഗവൺമെൻറ് സൃഷ്ടിച്ചതോ പുറപ്പെടുവിച്ചതോ ആയ തരത്തിലുള്ള ഈടുപത്രങ്ങളുടെ വിഭാഗത്തിനുമാത്രം, പൊതുക്കടം (ഭേദഗതി) ആക്ററ്, 1959 (1959-ലെ 44)-ൻേറ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആയിരുന്നാലും, ആ ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്നതുപോലെ ബാധകമാകുന്നതും, അങ്ങനെയുള്ള ഈടുപത്രങ്ങളുടെ വിഭാഗത്തെ സംബന്ധിച്ച 7-ം, 9-ം, വകുപ്പുകളിലെ വ്യവസ്ഥകൾക്ക് 9-ഖ, 9-ഗ എന്നീ വകുപ്പുകളിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതും ആകുന്നു.

**ഗവൺമെന്റ് ഈടുപത്രങ്ങൾ കൈവശമുള്ളവരാലുള്ള നാമനിർദ്ദേശങ്ങൾ.—**

9ഖ. (1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, മരണശാസനപ്രകാരമുള്ളതോ അല്ലാത്തതോ ആയ ഏതെങ്കിലും വ്യയനത്തിലോ, ഒരു ഗവൺമെന്റു ഈടുപത്രത്തെ സംബന്ധിച്ച, എന്തുതന്നെ അടങ്ങിയിരുന്നാലും നിർണ്ണയിക്കപ്പെട്ട രീതിയിൽ ഉണ്ടാക്കിയ ഒരു നാമനിർദ്ദേശത്തിൽ, അതിന്റെ കൈവശക്കാരന്റെ മരണത്തിന്മേൽ ആ ഈടുപത്രത്തിന്മേൽ തൽസമയം ചെല്ലാനുള്ള തുകനൽകുന്നതു സ്വീകരിക്കാനുള്ള അവകാശം, ഏതെങ്കിലും ആൾക്ക് നൽകുന്നതായി കരുതപ്പെടുന്നിടത്ത്, നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ, ഈടുപത്രത്തിന്റെ കൈവശക്കാരന്റെ മരണത്തിന്മേൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ ആ നാമനിർദ്ദേശം ഭേദഗതിചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാത്തപക്ഷം, മറ്റെല്ലാ ആളുകളേയും ഒഴിവാക്കിക്കൊണ്ട്, ആ ഈടുപത്രത്തിനും അതിന്മേലുള്ള പണം ലഭിക്കുന്നതിനും അവകാശിയായിതീരുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നാമനിർദ്ദേശം നാമനിർദ്ദേശം ചെയ്യുന്ന ഈടുപത്രത്തിന്റെ കൈവശക്കാരന് മുമ്പു നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ മരിക്കുകയോ രണ്ടോ അതിലധികമോ നാമനിർദ്ദേശം ചെയ്യപ്പെട്ട ആളുകൾ ഉള്ളിടത്ത്, നാമനിർദ്ദേശം ചെയ്യപ്പെട്ട എല്ലാ ആളുകളും നാമനിർദ്ദേശം ചെയ്യുന്ന ഈടുപത്രത്തിന്റെ കൈവശക്കാരന് മുമ്പ് മരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ശൂന്യമാകുന്നതാണ്.

(3) നിർണ്ണയിക്കപ്പെട്ട രീതിയിൽ ചെയ്തിട്ടുള്ള ഒരു ഗവൺമെന്റു ഈടുപത്രത്തിന്റെ കൈമാററം, അതിനു മുമ്പു ചെയ്ത ഒരു നാമനിർദ്ദേശത്തെ സ്വയം റദ്ദാക്കുന്നതാണ്.

എന്നാൽ, ഒരു ഗവൺമെന്റ് ഈടുപത്രം, പണയം വാങ്ങിയ ആളെന്ന നിലയിലോ ഏതെങ്കിലും ആവശ്യത്തിനുള്ള ഈടുപത്രമെന്ന നിലയിലോ ഏതെങ്കിലും ആളാലോ ഏതെങ്കിലും ആൾക്ക് വേണ്ടിയോ കൈവശം വയ്ക്കപ്പെട്ടിരിക്കുന്നിടത്ത്, അങ്ങനെയുള്ള കൈവശം വയ്ക്കലിന്, ഒരു നാമനിർദ്ദേശം റദ്ദു ചെയ്യുന്നതിനുള്ള പ്രഭാവം ഉണ്ടായിരിക്കുന്നതല്ലാത്തതും എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ആളുടെ അവകാശം, അതു അങ്ങനെ കൈവശം വയ്ക്കുന്ന ആളുടെ അവകാശത്തിന് വിധേയമായിരിക്കുന്നതും ആകുന്നു.

(4) നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഒരു മൈനറായിരിക്കുന്നിടത്തു, നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ മൈനറായിരിക്കുന്നിതിനിടയിൽ ഒരു ഈടുപത്രത്തിന്റെ കൈവശക്കാരൻ മരണമടയുന്ന സംഗതിയിൽ ഈടുപത്രത്തിന്മേൽ തൽസമയം കിട്ടാനുള്ള തുക സ്വീകരിക്കുന്നതിന് ഏതെങ്കിലും ആളെ നിർണ്ണയിക്കപ്പെട്ട രീതിയിൽ നിയമിക്കുന്നതു നിയമാനുസൃതമായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും നിയമനം നടത്തിയിട്ടുള്ളിടത്തു, ഗവൺമെന്റു ഈടുപത്രം, കൈവശക്കാരന്റെ മരണത്തിനുശേഷവും നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ മൈനറായിരിക്കുന്നതിനിടയിലും മൈനറെ പ്രതിനിധാനം ചെയ്യുന്ന ആളെന്ന നിലയിൽ അയാളിൽ നിക്ഷിപ്തമായതായി കരുതപ്പെടുന്നതും ആകുന്നു.

**കൈവശക്കാരന്റെ മരണത്തിന്മേൽ പണം നൽകുന്നതു.—**

9ഗ. (1) ഒരാൾ മരിക്കുകയും അയാൾ തന്റെ മരണസമയത്തു ഒരു ഗവൺമെന്റു ഈടുപത്രത്തിന്റെ കൈവശക്കാരനായിരിക്കുകയും അയാളുടെ മരണസമയത്തു ഏതെങ്കിലും ആളുടെപേരിൽ ഒരു നാമനിർദ്ദേശം പ്രാബല്യത്തിലുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ ഈടുപത്രത്തിന്മേൽ തൽസമയം കൊടുക്കാനുള്ള തുക നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾക്കു നല്കേണ്ടതാകുന്നു.

(2) നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഒരു മൈനറായിരിക്കുന്നിടത്തു, ഗവൺമെന്റു ഈടുപത്രത്തിന്മേൽ തൽസമയം കൊടുക്കാനുള്ള തുക

(ക) 9ഖ വകുപ്പു (4)-ാം ഉപവകുപ്പിൻകീഴിൽ അതു സ്വീകരിക്കാൻ ഒരാളെ നിയമിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, ആ ആൾക്കും ;

(ഖ) അങ്ങനെയുള്ള യാതൊരാളും ഇല്ലാതിരിക്കുന്നിടത്തു, മൈനറുടെ ഉപയോഗത്തിനുവേണ്ടി മൈനറുടെ രക്ഷാകർത്താവിനും,

നല്കേണ്ടതാകുന്നു.

(3) ഒരു ഗവൺമെന്റു ഈടുപത്രത്തിന്മേൽ, തൽസമയം കൊടുക്കാനുള്ള തുക, രണ്ടോ അതിലധികമോ നാമനിർദ്ദേശം ചെയ്യപ്പെട്ട ആളുകൾക്ക് കൊടുക്കാനുള്ളതായിരിക്കുകയും, അവരിൽ രണ്ടുപേരുമോ ആരെങ്കിലുമോ മരിക്കുകയും ചെയ്യുന്നിടത്തു, ഈടുപത്രത്തിന്മേലുള്ള അവകാശം, അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ട ആളുകളിൽ അതിജീവിക്കുന്ന അവകാശിയിലോ അവകാശികളിലോ നിക്ഷിപ്തമാകുന്നതും, അതിന്മേൽ തൽസമയം കൊടുക്കാനുള്ള തുക, അതനുസരിച്ച നല്കേണ്ടതും ആകുന്നു.

(4) ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, ഗവൺമെന്റു ഈടുപത്രത്തിന്മേൽ കിട്ടാനുള്ള തുക, ഈടുപത്രത്തിന്റെ കാലാവധി എത്തുന്നതിനു മുൻപോ, ഈടുപത്രത്തിന്റെ നിബന്ധനകൾക്കനുസൃതമായല്ലാതേയോ, കൊടുക്കുന്നത് സ്വീകരിക്കാൻ ഏതെങ്കിലും ആളോടു ആവശ്യപ്പെടുന്നതായി കരുതാൻ പാടുള്ളതല്ല.

(5) ഒരു ഗവൺമെന്റ് ഈടുപത്രത്തിന്മേൽ തത്സമയം കൊടുക്കാനുള്ള തുക, ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി കൊടുത്തിട്ടുള്ളത്, ആ ഈടുപത്രത്തെ സംബന്ധിച്ച് പൂർണ്ണമായ ഡിസ്ചാർജ്ജ് ആയിരിക്കുന്നതാണ് :

എന്നാൽ, ഈ വകുപ്പിലോ ഖ വകുപ്പിലോ അടങ്ങിയ യാതൊന്നും, ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും പണം കൊടുത്തിട്ടുള്ള ആൾക്കെതിരായി ഏതെങ്കിലും, ആൾക്ക് ഉണ്ടായിരിക്കാവുന്ന ഏതെങ്കിലും അവകാശത്തേയോ തേർച്ചയേയോ ബാധിക്കുന്നതല്ല.

**മൈനറുടെയോ ചിത്തഭ്രമമുള്ള ആളുടേയോ വകയായ അയ്യായിരം രൂപയിൽ കവിയാത്തമുഖവിലയുള്ള ഗവൺമെൻറ് ഈടുപത്രങ്ങൾ.**

10. ഒരു മൈനറുടേയോ, ചിത്തഭ്രമമുള്ളതും തൻെറ കാര്യങ്ങൾ മാനേജ് ചെയ്യാൻ കഴിവില്ലാത്തവനുമായ ഒരാളുടേയോ വകയായ ഒരു ഗവൺമെൻറ് ഈടുപത്രമോ ഈടുപത്രങ്ങളോ, ആ ഈടുപത്രത്തിൻേറയോ ഈടുപത്രങ്ങളുടേയോമുഖവില മൊത്തം അയ്യായിരം രൂപയിൽ കവിയാതിരിക്കുമ്പോൾ, ബാങ്കിന്, ആ മൈനറേയോ ചിത്തഭ്രമമുള്ള ആളേയോ പ്രതിനിധാനം ചെയ്യുന്നു എന്ന് അത് കരുതുന്നതുപോലെയുള്ള ആളിൽ, അങ്ങനെയുള്ള ഈടുപത്രമോ ഈടുപത്രങ്ങളോ നിക്ഷിപ്തമാക്കാൻ, ബാങ്കിന് യുക്തമെന്ന് കരുതുന്നതുപോലെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

**പരിവർത്തനം ചെയ്യുകയോ, ഏകീകരിക്കുകയോ, ഉപവിഭജനംചെയ്യുകയോ പുതുക്കുകയോ ചെയ്യുന്നതിൻമേൽ ഡ്യൂപ്ലിക്കേററ് ഈടുപത്രങ്ങളും പുതിയ ഈടുപത്രങ്ങളും പുറപ്പെടുവിക്കുന്നത്.**

11. (1) ഒരു ഗവൺമെൻറ് ഈടുപത്രത്തിന് അവകാശപ്പെട്ട ആൾ, ആ ഈടുപത്രം നഷ്ടപ്പെട്ടുപോയി എന്നോ, മോഷ്ടിക്കപ്പെട്ടു എന്നോ, നശിപ്പിച്ചുപോയി എന്നോ. മായിക്കപ്പെട്ടു എന്നോ അല്ലെങ്കിൽ കീറിപ്പോയി എന്നോ ആരോപിച്ചുകൊണ്ട്, ബാങ്കിൽ അപേക്ഷിക്കുന്നുവെങ്കിൽ, ബാങ്കിന്, ആ ഈടുപത്രത്തിൻെറ നഷ്ടത്തേയോ, മോഷണത്തേയോ, നശിപ്പിക്കലിനേയോ, മായിക്കലിനേയോ, കീറിപ്പോയതിനേയോ സംബന്ധിക്കുന്ന തൃപ്തികരമായ തെളിവിൻമേൽ, നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്കും ഫീസ് നൽകുന്നതിനും വിധേയമായി, അപേക്ഷകന് പണം കിട്ടുന്നതിനുള്ള ഒരു ഡ്യൂപ്ലിക്കേററ് കടപ്പത്രം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) ഒരു ഗവൺമെൻറ് ഈടുപത്രത്തിന് അവകാശപ്പെട്ട ആൾ, ആ ഈടുപത്രം മറെറാരുവിധത്തിലുള്ള ഈടുപത്രമായോ മറെറാരു വായ്പയോടനുബന്ധിച്ച് പുറപ്പെടുവിച്ച ഒരു ഈടുപത്രമായോ പരിവർത്തനം ചെയ്യണമെന്നോ. അല്ലെങ്കിൽ അങ്ങനെയുള്ള മററ് ഈടുപത്രങ്ങളുമായി ഏകീകരിക്കണമെന്നോ, അല്ലെങ്കിൽ അത് ഉപവിഭജനം ചെയ്യണമെന്നോ, അല്ലെങ്കിൽ അത് പുതുക്കണമെന്നോ ബാങ്കിനോട് അപേക്ഷിക്കുന്നുവെങ്കിൽ, ബാങ്കിന്, നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്കും, ഫീസ് നൽകുന്നതിനും വിധേയമായി, ആ ഈടുപത്രത്തെ റദ്ദുചെയ്യുകയും പുതിയ ഈടുപത്രമോ ഈടുപത്രങ്ങളോ നൽകാൻ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ ഒരു ഡ്യൂപ്ലിക്കേററ് ഈടുപത്രമോ ഒരു പുതിയ ഈടുപത്രമോ നൽകപ്പെട്ടിട്ടുള്ള ആളെ, 19-ാം വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഈടുപത്രത്തിൻെറ കൈവശക്കാരനായി ബാങ്ക് അംഗീകരിച്ചതായി കരുതപ്പെടുന്നതും; ഏതെങ്കിലും ആൾക്ക് അങ്ങനെ നൽകിയിട്ടുള്ള ഡ്യൂപ്ലിക്കേററ് ഈടുപത്രമോ, പുതിയ ഈടുപത്രമോ ഗവൺമെൻറ് അങ്ങനെയുള്ളആളും, അയാളിലൂടെ അതിനുശേഷം അവകാശം നേടുന്ന എല്ലാ ആളുകളും തമ്മിലുള്ള ഒരു പുതിയ കാൺട്രാക്ററ് രൂപം കൊണ്ടതായി കരുതപ്പെടുന്നതും ആകുന്നു.

**തർക്കത്തിൻെറ സംഗതിയിൽ ഗവൺമെൻറ് ഈടുപത്രത്തിൻെറ അവകാശം സംബന്ധിച്ച് ബാങ്കിൻെറ സമ്മറിയായ തീരുമാനം.**

12. (1) ഒരു ഗവൺമെൻറ് ഈടുപത്രത്തിൻെറ ഉടമാവകാശം സംബന്ധിച്ച് ഒരു സംശയം നിലവിലുണ്ടെന്ന് ബാങ്കിന് അഭിപ്രായമുണ്ടെങ്കിൽ, അതിന്, അതിൻെറ ആവശ്യങ്ങൾക്ക്, ആരെയാണ് ഈടുപത്രത്തിൻെറ അവകാശി ആയി കരുതപ്പെടേണ്ടത് എന്ന് തീരുമാനിക്കാൻ നടപടി എടുക്കാവുന്നതാണ്.

(2) ബാങ്ക്, അതിൻെറ അറിവിൽപെട്ട ഓരോ തേർച്ചക്കാരനും, മറെറല്ലാ തേർച്ചക്കാരുടേയും പേരും, ബാങ്ക് തീരുമാനം എടുക്കുന്നത് ഏത് സമയത്താണെന്നും, ബാങ്കിൻെറ ഏത് ആഫീസറാലാണെന്നും, കാണിച്ചുകൊണ്ടുള്ള ലിഖിതമായ നോട്ടീസ് നൽകേണ്ടതാണ്.

(3) ബാങ്ക്, അപ്രകാരം ഉണ്ടാക്കിയ തീരുമാനത്തിൻെറ ഫലം സംബന്ധിച്ച് ഓരോ തേർച്ചക്കാരനും ലിഖിതമായ നോട്ടീസ് നൽകേണ്ടതാണ്,

(4) (3)-ാം ഉപവകുപ്പിൽ പരാമർശിച്ച നോട്ടീസ് പുറപ്പെടുവിക്കുന്നതു മുതൽ ആറുമാസം അവസാനിക്കുന്നതിൻമേൽ, ബാങ്കിന്, ഈടുപത്രത്തിന് അവകാശപ്പെട്ടവനാണെന്ന് ബാങ്ക് കാണുന്ന ആളിൽ, ഈടുപത്രവും അതിൻമേൽ കൊടുക്കപ്പെടാതെയുള്ള ഏതെങ്കിലും പലിശയും നിക്ഷിപ്തമാക്കിക്കൊണ്ട് ഒരു ഉത്തരവ് ചെയ്യാവുന്നതാണ്.

*ഗവൺമെൻറ് ഈടുപത്രങ്ങൾ സംബന്ധിച്ച് ബാധകമാകുന്ന നിയമം.*

13. ഒരു ഗവൺമെൻറ് ഈടുപത്രത്തിൻമേൽ സൗകര്യപ്രദമായ ഒരു സംഗതിയെന്ന നിലയിൽ ഇൻഡ്യയിലല്ലാതെ എവിടെയെങ്കിലും വച്ച് പണം കൊടുക്കാൻ ഗവൺമെൻറ് ഏർപ്പാട് ചെയ്തിരിക്കാമെന്നിരുന്നാലും, ഗവൺമെൻറ് ഈടുപത്രങ്ങൾ സംബന്ധിച്ച് എല്ലാ ആളുകൾക്കുമുള്ള അവകാശങ്ങളും, ഈ ആക്റ്റിനാൽ കൈകാര്യം ചെയ്തിട്ടുള്ളതുപോലെ, അങ്ങനെയുള്ള എല്ലാ പ്രശ്നങ്ങളും സംബന്ധിച്ചുകൊണ്ട് ഇൻഡ്യയിലെ നിയമമനുസരിച്ചും ഇൻഡ്യയിലെ കോടതികളിലും തീരുമാനിക്കേണ്ടതാകുന്നു.

*തെളിവ് റിക്കാർഡാക്കുന്നത്.*

14. (1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കാൻ ബാങ്കിനെ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉത്തരവ് ഉണ്ടാക്കുന്ന ആവശ്യത്തിന് ഏതൊരാളുടെ തെളിവാണോ ബാങ്കിന് ആവശ്യമുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ നൽകുന്ന തെളിവ് മുഴുവനുമോ, അതിൻെറ ഏതെങ്കിലും ഭാഗമോ റിക്കാർഡാക്കാനോ റിക്കാർഡ് ചെയ്യാനിടയാക്കാനോ, ബാങ്കിന് ഒരു ഡിസ്ട്രിക്റ്റ് മജിസ്ട്രേററിനോട് അപേക്ഷിക്കാവുന്നതാണ്. അപ്രകാരം അപേക്ഷിക്കപ്പെട്ട ഡിസ്ട്രിക്റ്റ് മജിസ്ടേററിന്, തെളിവ്, സ്വയം റിക്കാർഡാക്കുകയോ, അല്ലെങ്കിൽ തൻെറ കീഴിലുള്ള ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേററിനോടൊ അല്ലെങ്കിൽ തൻെറ കീഴിലുള്ളതും തെളിവു റിക്കാർഡാക്കുന്നതിന് സ്റേററ് ഗവൺമെൻറ് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി ഇതിനുവേണ്ടി അധികാരപ്പെടുത്തിയിട്ടുള്ളതുമായ ഏതെങ്കിലും രണ്ടാംക്ലാസ് മജിസ്ട്രേററിനോടൊ നിർദ്ദേശിക്കുകയോ ചെയ്യാവുന്നതും, റിക്കാർഡാക്കിയതിൻെറ ഒരു പ്രതി ബാങ്കിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(2) ഈ ആക്റ്റിൻകീഴിൽ നിക്ഷിപ്തമാക്കുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന ആവശ്യത്തിന്, ഏതൊരാളുടെ തെളിവാണോ ബാങ്കിന് ആവശ്യമായിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആളുടെ തെളിവ് റിക്കാർഡാക്കാൻ ബാങ്കിന് അതിൻെറ ഏതെങ്കിലും ആഫീസറോട് നിർദ്ദേശിക്കാവുന്നതോ, അല്ലെങ്കിൽ സത്യവാങ്മൂലത്തിൻമേൽ തെളിവായി സ്വീകരിക്കാവുന്നതോ ആണ്.

(3) ഈ വകുപ്പിന് അനുസൃതമായി പ്രവർത്തിക്കുന്ന മജിസ്ട്രേററിനോ, ബാങ്കിലെ ആഫീസർക്കോ, താൻ വിസ്തരിച്ച ഏതെങ്കിലും സാക്ഷിയെ സത്യപ്രതിജ്ഞ ചെയ്യിക്കാവുന്നതാണ്.

*നിക്ഷിപ്തമാക്കാനുള്ള ഉത്തരവ് ചെയ്യുന്നത് നിലവിലിരിക്കെ, പണം കൊടുക്കുന്നതുംകൈമാററങ്ങളുടെ രജിസ്ട്രേഷനും മാററിവയ്ക്കുന്നത്.*

15. ഏതെങ്കിലും ആളിൽ ഒരു ഗവൺമെൻറ് ഈടുപത്രം നിക്ഷിപ്തമാക്കാൻ ഈ ആക്റ്റിൻകീഴിൽ ഒരു ഉത്തരവു ചെയ്യുന്നതിന് ബാങ്ക് ആലോചിക്കുന്നിടത്ത്, ബാങ്കിന്, ഈടുപത്രത്തിൻെറ പലിശയോ കാലപൂർത്തിയായ മൂല്യമോ നൽകുന്നത് നിറുത്തിവയ്ക്കുകയോ, അല്ലെങ്കിൽ 11-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും ഉത്തരവ് ഉണ്ടാക്കുന്നതോ, ഈടുപത്രത്തിൻെറ ഏതെങ്കിലും കൈമാററത്തിൻെറ രജിസ്ട്രേഷനോ, നിക്ഷിപ്തമാക്കുന്ന ഉത്തരവു ഉണ്ടാക്കുന്നതുവരെ മാററിവയ്ക്കുകയോ ചെയ്യാവുന്നതാണ്.

*ബാണ്ടുകൾ ആവശ്യപ്പെടാൻ ബാങ്കിനുള്ള അധികാരം.*

16. (1) ബാങ്കിന്, ഈ ആക്റ്റിൻകീഴിൽ ചെയ്യാൻ അതിനെ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉത്തരവ് ഉണ്ടാക്കുന്നതിനുമുൻപ്, ആർക്കുവേണ്ടിയാണോ ഉത്തരവ് പുറപ്പെടുവിക്കേണ്ടത്, ആ ആളോട്, നിർണ്ണയിക്കപ്പെടുന്നതുപോലെയുള്ള ഫാറത്തിൽ ഒന്നോ അതിലധികമോ ജാമ്യക്കാരോടുകൂടെ ബാണ്ട് എഴുതി ഒപ്പിട്ടു പൂർത്തിയാക്കാനോ, അല്ലെങ്കിൽ ഉത്തരവിൻെറ വിഷയസംഗതിയുടെ മൂല്യത്തിൻെറ ഇരട്ടിയിൽ കവിയാത്ത ജാമ്യം നൽകാനോ, ബാങ്കിൻെറ നിയന്ത്രണത്തിൽ വയ്ക്കുവാനോ, ബാങ്കിനോ (2)-ാം ഉപവകുപ്പിന് അനുസൃതമായി ബാണ്ടോ ഈടുപത്രമോ ബാങ്ക് കൊടുക്കുന്ന ഏതെങ്കിലും ആൾക്കോ അതിൻെറ തുക നൽകാനോ ആവശ്യപ്പെടാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിൻെറ വിഷയസംഗതി സംബന്ധിച്ച തേർച്ച ഏതു് കോടതിയുടെ മുൻപാകെയാണോ സമർത്ഥിച്ചിട്ടുള്ളത്, ആ കോടതിക്ക്, വിജയിയായ തേർച്ചക്കാരന് ബാണ്ടോ ഈടുപത്രമോ കൊടുക്കേണ്ടതാണെന്ന് ഉത്തരവു പുറപ്പെടുവിക്കാവുന്നതും, അയാൾക്ക് അതിനുശേഷം അങ്ങനെയുള്ള തേർച്ചയുടെ വ്യാപ്തിയോളം ബാണ്ട് പ്രാബല്യത്തിൽ കൊണ്ടുവരാനോ, ഈടുപത്രത്തുക വസൂലാക്കാനോ അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

*ഔദ്യോഗിക ഗസററിൽ നോട്ടീസുകൾ പ്രസിദ്ധപ്പെടുത്തുന്നത്.*

17. ഈ ആക്റ്റിൻകീഴിൽ ബാങ്ക് കൊടുക്കേണ്ടതായി ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും നോട്ടീസ്, തപാൽവഴി നടത്താവുന്നതും. എന്നാൽ അങ്ങനെയുള്ള ഏതൊരു നോട്ടീസും. കേന്ദ്രഗവൺമെൻേറാ സ്റേററ് ഗവൺമെൻറോ പുറപ്പെടുവിച്ച ഒരു ഈടുപത്രം സംബന്ധിക്കുന്ന നോട്ടീസ് ആയിരുന്നാലെന്നപോലെ, ഇൻഡ്യാ ഗസററിലും അല്ലെങ്കിൽ സ്റേററിൻെറ ഔദ്യോഗിക ഗസററിലും ബാങ്ക് പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെയുള്ള പ്രസിദ്ധീകരണത്തിൻമേൽ അത് ഏതെങ്കിലും ആളുകൾക്കു വേണ്ടിയാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള എല്ലാ ആളുകൾക്കും ഡെലിവർ ചെയ്തതായി കരുതപ്പെടുന്നതും ആകുന്നു.

*നിക്ഷിപ്തമാക്കുന്ന ഉത്തരവിൻെറ പരിധി.*

18. ബാങ്ക് ഈ ആക്റ്റിൻകീഴിൽ ചെയ്ത ഒരു ഉത്തരവിന്, ഒരു ഗവൺമെൻറ് ഈടുപത്രത്തിനുള്ള മുഴുവൻ അവകാശവും നൽകാവുന്നതോ, തുടർന്നു ചെയ്യപ്പെടുന്ന ഒരു നിക്ഷിപ്തമാക്കുന്ന ഉത്തരവുവരെ ഈടുപത്രത്തിൻമേൽ ഉണ്ടായതോ ഉണ്ടാകുന്നതോ ആയ പലിശക്ക് മാത്രമായുള്ള അവകാശം നൽകാവുന്നതോ ആകുന്നു.

**ബാങ്ക് ചെയ്യുന്ന ഉത്തരവുകൾക്കുള്ള നിയമപരമായ പ്രഭാവം**

19. ഒരാൾ ഒരു ഗവൺമെന്റ് ഈടുപത്രത്തിന്റെ കൈവശക്കാരനാണെന്നുള്ള ബാങ്കിന്റെ യാതൊരു അംഗീകാരവും, ഈ ആക്റ്റിൻകീഴിൽ ഗവൺമെന്റ് ചെയ്ത യാതൊരു ഉത്തരവും ഏതെങ്കിലും കോടതിയിൽ ഗവൺമെന്റ് ഈടുപത്രത്തിന്റെ കൈവശക്കാരനായി ബാങ്ക് അംഗീകരിച്ച ആളുമായോ, അല്ലെങ്കിൽ അങ്ങനെയുള്ള ഈടുപത്രത്തിൽ ഒരു അവകാശം തേർച്ച ചെയ്യുന്ന ഏതെങ്കിലും ആളുമായോ ഗവൺമെന്റിനോ ബാങ്കിനോ ഉള്ള ബന്ധങ്ങൾ, അങ്ങനെയുള്ള അംഗീകാരമോ ഉത്തരവോ ബാധിക്കുന്നിടത്തോളം, ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും, അങ്ങനെയുള്ള ആളെപ്പറ്റി ബാങ്കിന്റെ അങ്ങനെയുള്ള ഏതെങ്കിലും അംഗീകാരമോ, ഏതെങ്കിലും ആളിൽ ഗവൺമെന്റ് ഈടുപത്രം നിക്ഷിപ്തമാക്കുന്ന ബാങ്കിന്റെ ഏതെങ്കിലും ഉത്തരവോ, അയാളുടെ കണക്കിൽ ഉണ്ടായിരുന്നതും സ്വീകരിച്ചതും ആയ പണത്തിനുള്ള ജാമ്യമായി എന്നാൽ യഥാർത്ഥ അവകാശിക്ക് വ്യക്തിപരമായ ഒരു ബാദ്ധ്യതയ്ക്ക് മാത്രം വിധേയമായി, ഈടുപത്രത്തിനുള്ള ടൈറ്റിൽ ആ ആൾക്ക് നൽകുന്നതായി പ്രവർത്തിക്കുന്നതും ആകുന്നു.

**കോടതിയുടെ ഉത്തരവിന്മേൽ നടപടികൾ നിറുത്തിവയ്ക്കുന്നത്.**

20. ഏതെങ്കിലും ഗവൺമെന്റ് ഈടുപത്രം സംബന്ധിച്ച്, ബാങ്ക്, ഈ ആക്റ്റിൻ കീഴിൽ ചെയ്യാൻ അതിനെ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉത്തരവ് ചെയ്യുന്നതിന് ഉദ്ദേശിക്കുകയും ഉത്തരവു ചെയ്യുന്നതിന് മുമ്പ് ഇൻഡ്യയിലെ ഒരു കോടതിയിൽ നിന്നും, അങ്ങനെയുള്ള ഉത്തരവു ചെയ്യുന്നതു നിറുത്തിവച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ബാങ്കിന് ലഭിക്കുകയും ചെയ്യുന്നിടത്ത്, ബാങ്ക്.

(ക) കോടതിയുടെ വീണ്ടുമുള്ള ഉത്തരവുകൾ ലഭിക്കുന്നതുവരെ ഈടുപത്രം, ഏതെങ്കിലും കൊടുക്കപ്പെടാത്തതോ അതിന്മേൽ ഉളവാകുന്നതോ ആയ പലിശയോടുകൂടെ, കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ,

(ഖ) കോടതിയുടെ മുമ്പിലുള്ള നടപടികൾ തീർച്ചചെയ്യപ്പെടുന്നതുവരെ അങ്ങനെയുള്ള കോടതി സ്ഥിതി ചെയ്യുന്ന സ്റ്റേറ്റിലേയ്ക്കു നിയമിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക ട്രസ്റ്റികൾക്ക് ഈടുപത്രം കൈമാറ്റം ചെയ്യുന്നതിന് കോടതിയോട് അപേക്ഷിക്കുകയോ,

ചെയ്യേണ്ടതാകുന്നു.

**നിക്ഷിപ്തമാക്കലിനുള്ള നടപടികൾ ബാങ്ക് ദുർബലപ്പെടുത്തുന്നത്.**

21. ഒരു ഗവൺമെന്റ് ഈടുപത്രം ഏതെങ്കിലും ആളിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഈ ആക്റ്റിൻകീഴിൽ ഒരു ഉത്തരവു ചെയ്യുന്നതിന് ബാങ്ക് ഉദ്ദേശിക്കുന്നിടത്ത്, ആ ഉത്തരവു ചെയ്യുന്നതിന് മുമ്പ് ഏത് സമയത്തും ബാങ്കിന് ആ ആവശ്യത്തിന് നേരത്തെ എടുത്തിട്ടുള്ള ഏതെങ്കിലും നടപടികൾ ദുർബലപ്പെടുത്താവുന്നതും, അങ്ങനെ ദുർബലപ്പെടുത്തുന്നതിന്മേൽ, അങ്ങനെയുള്ള ഉത്തരവ് ചെയ്യുന്നതിന് പുതുതായി നടപടി എടുക്കാവുന്നതുമാണ്.

**ഗവൺമെന്റ് ഈടുപത്രങ്ങളിന്മേലുള്ള പലിശ സംബന്ധിച്ച ഡിസ്ചാർജ്ജ്.**

22. ഒരു ഗവൺമെന്റ് ഈടുപത്രത്തിലെ നിബന്ധനകളിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, യാതൊരാൾക്കും, അങ്ങനെയുള്ള ഈടുപത്രത്തിന്മേൽ ചെല്ലേണ്ട സംഖ്യ കൊടുക്കുന്നതിന് ആവശ്യപ്പെടാമായിരുന്ന ഏറ്റവും നേരത്തേയുള്ള തീയതിക്കുശേഷം, അങ്ങനെയുള്ള ഈടുപത്രത്തിന്മേൽ കഴിഞ്ഞുപോയ ഏതെങ്കിലും കാലത്തെ സംബന്ധിച്ച് പലിശ അവകാശപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

**ബേയറർ ബാണ്ടുകൾ സംബന്ധിച്ച ഡിസ്ചാർജ്ജ്**

23. ഒരു ബേയറർ ബാണ്ടിന്മേലോ, അല്ലെങ്കിൽ അങ്ങനെയുള്ള ഒരു ബാണ്ടിന്റെ ഏതെങ്കിലും പലിശ കൂപ്പൺമേലോ ഉള്ള എല്ലാ ബാദ്ധ്യതകളിൽനിന്നും ഗവൺമെന്റിനെ, അങ്ങനെയുള്ള ബാണ്ടിന്റേയോ കൂപ്പണിന്റേയോ കൈവശക്കാരന് അത് നൽകേണ്ട സമയമാകുന്ന തീയതിക്കോ അതിനുശേഷമോ ഹാജരാക്കുന്നതിന്മേൽ അതിൽ പ്രകടമാക്കിയിട്ടുള്ള സംഖ്യ കൊടുക്കുന്നതോടെ അങ്ങനെ കൊടുക്കുന്നതിന് മുമ്പ് ഇൻഡ്യയിലെ ഒരു കോടതിയുടെ ഒരു ഉത്തരവ്, പണം കൊടുക്കുന്നതുതടഞ്ഞുകൊണ്ട് ഗവൺമെന്റിന് നടത്തിയിട്ടില്ലാത്തപക്ഷം, ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നതാണ്.

**പലിശ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ ബാദ്ധ്യതയുടെ കാലഹരണകാലാവധി**

24. തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമംവഴി ഹ്രസ്വതരമായ കാലഹരണകാലാവധി നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത്, ഒരു ഗവൺമെന്റ് ഈടുപത്രത്തിന്മേൽ കൊടുക്കേണ്ട ഏതെങ്കിലും പലിശസംബന്ധിച്ചുള്ള ഗവൺമെന്റിന്റെ ബാദ്ധ്യത, പലിശ ഇനത്തിൽ സംഖ്യ കൊടുക്കേണ്ടതായ തീരുന്ന തീയതി മുതൽ ആറുവർഷം തികയുമ്പോൾ അവസാനിക്കുന്നതാണ്.

**രേഖകളുടെ പരിശോധന**

25. നിർണ്ണയിക്കുന്നതുപോലെയുള്ള പരിതഃസ്ഥിതികളിലും രീതിയിലും, ഉപാധികൾക്ക് വിധേയമായും അല്ലാതെ യാതൊരാൾക്കും ഗവൺമെന്റിന്റെ കൈവശത്തോ കസ്റ്റഡിയിലോ ഉള്ള ഏതെങ്കിലും ഗവൺമെന്റ് ഈടുപത്രങ്ങളോ ഏതെങ്കിലും ഗവൺമെന്റ് ഈടുപത്രമോ സംബന്ധിച്ച് ഗവൺമെന്റോ ഗവൺമെന്റിനുവേണ്ടിയോ സൂക്ഷിച്ചുപോരുകയോ വച്ചുപോരുകയോ ചെയ്യുന്ന ഏതെങ്കിലും ബുക്കോ, രജിസ്റ്ററോ, മറ്റു രേഖയോ പരിശോധിക്കുന്നതിനോ അവയിൽനിന്ന് ലഭിക്കുന്ന വിവരം സ്വീകരിക്കാനോ അവകാശമുണ്ടായിരിക്കുന്നതല്ല.

**ബാങ്കും അതിലെ ആഫീസർമാരും പബ്ലിക് ആഫീസർമാരായി കരുതപ്പെടണമെന്ന്**

26. ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872, (1872-ലെ 1) 124-ാം വകുപ്പിന്റേയും പബ്ലിക് ആഫീസർമാരുടേയോ അവർക്ക് എതിരായോ അവരുടെ ഔദ്യോഗിക നിലവിലുള്ള വ്യവഹാരങ്ങൾ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5,) IV-ാം ഭാഗത്തിലെ വ്യവസ്ഥകളുടേയും, ആ സംഹിതയിലെ ആർഡർ V, ചട്ടം 27-ലേയും, ആർഡർ XXI, ചട്ടം 52-ലേയും വ്യവസ്ഥകളുടേയും ആവശ്യങ്ങൾക്ക്, ബാങ്കും, ബാങ്കിലെ ആഫീസർ എന്ന നിലയിൽ പ്രവർത്തിക്കുന്ന ആ ബാങ്കിലെ ഏതെങ്കിലും ആഫീസറും, ഒരു പബ്ലിക് ആഫീസറായി കരുതപ്പെടുന്നതാകുന്നു.

**ശിക്ഷ**

27. (1) ഏതെങ്കിലും ആൾ, തനിക്ക് തന്നെയോ, മറ്റേതെങ്കിലും ആൾക്കു വേണ്ടിയോ ഒരു ഗവൺമെൻറ് ഈടുപത്രത്തിന്റെ ഏതെങ്കിലും ഉടമാവകാശം നേടുന്ന ആവശ്യത്തിന്, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന് ഈ ആക്റ്റിൻകീഴിൽ നൽകുന്ന ഏതെങ്കിലും അപേക്ഷയിലോ, അല്ലെങ്കിൽ ഈ ആക്റ്റ് അനുസരിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അന്വേഷണ വിചാരണയുടെ ഗതിയിലോ, കളവായതും, അതു കളവാണെന്നു അയാൾക്കറിവുള്ളതോ അല്ലെങ്കിൽ സത്യമാണെന്ന് അയാൾ വിശ്വസിക്കാത്തതോ ആയ ഏതെങ്കിലും പ്രസ്താവന ചെയ്യുന്നുവെങ്കിൽ അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) യാതൊരു കോടതിയും, (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും കുറ്റം, ബാങ്കിന്റെ പരാതിയിൻമേലല്ലാതെ നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

**ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം**

28. (1) കേന്ദ്രഗവൺമെൻറിന്, മുൻകൂട്ടി പ്രസിദ്ധീകരിക്കണമെന്ന ഉപാധിക്ക് വിധേയമായി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്കു ഭംഗം വരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്കു താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്

(ക) ഏതു ഫാറങ്ങളിലാണ് ഗവൺമെൻറ് ഈടുപത്രങ്ങൾ പുറപ്പെടുവിക്കാവുന്നതെന്നുള്ളതിന്;

(ഖ) 2-ാം വകുപ്പിലെ (2)-ാം ഖണ്ഡത്തിൽ (ക) ഉപഖണ്ഡത്തിലെ (IV)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന കച്ചപ്പാടുകളുടെ ഫാറങ്ങൾ;

(ഗ) മുൻ ഇൻഡ്യൻ രാജ്യങ്ങളിലെ ഭരണാധികാരികൾക്ക് ഗവൺമെൻറ് ഈടുപത്രങ്ങൾ ഏതു ഉപാധികൾക്ക് വിധേയമായി നൽകാമെന്നുള്ളതിന്;

(ഘ) ഗവൺമെൻറ് ഈടുപത്രങ്ങളുടെ വ്യത്യസ്ത ഫാറങ്ങൾ കൈമാററം ചെയ്യപ്പെടാവുന്നത് ഏതു രീതിയിലാണെന്നുള്ളതിന്;

(ങ) പബ്ലിക്ഉദ്യോഗംങ്ങൾ അല്ലാത്തുള്ള ഉദ്യോഗങ്ങൾ വഹിക്കുന്ന ആളുകളുടെ സ്റ്റാക്കിന്റെ ഫാറത്തിലുള്ള ഗവൺമെൻറ് ഈടുപത്രങ്ങൾ കൈവശം വയ്ക്കുന്നതും, അപ്രകാരം കൈവശം വയ്ക്കപ്പെടുന്ന ഗവൺമെൻറ് ഈടുപത്രങ്ങൾ ഏതു രീതിയിലും ഏതെല്ലാം ഉപാധികൾക്കു വിധേയമായും ആണ് കൈമാററം ചെയ്യേണ്ടതെന്നുള്ളതിന്;

(ച) ഗവൺമെൻറ് ഈടുപത്രങ്ങൾ സംബന്ധിച്ച പലിശ ഏതു രീതിയിൽ കൊടുക്കുകയും അക്നളേഡ്ജ് ചെയ്യുകയും ചെയ്യണമെന്നുള്ളതിന്;

(ഛ) ഗവൺമെൻറു ഈടുപത്രങ്ങളുടെ ഡ്യൂപ്ലിക്കേററും, അവ പുതുക്കിയതും മാററിയതും, സഞ്ചയിച്ചതും വിഭജിച്ചതും നൽകുന്നത് നിയന്ത്രിക്കുന്ന ഉപാധികൾക്ക്;

(ജ) ഗവൺമെൻറ് ഈടുപത്രങ്ങളുടെ ഡ്യൂപ്ലിക്കേററ് നൽകുന്നതും, ഗവൺമെൻറ് ഈടുപത്രങ്ങൾ പുതുക്കുന്നതും മാററുന്നതും സഞ്ചയിക്കുന്നതും വിഭജിക്കുന്നതും സംബന്ധിച്ച് നൽകേണ്ട ഫീസുകൾക്ക്;

(ത്ധ) ഒരു ഗവൺമെൻറ് ഈടുപത്രം ഡിസ്ചാർജ്ജു ചെയ്യുന്നതിനോ, പുതുക്കുന്നതിനോ, മാററുന്നതിനോ, സഞ്ചയിക്കുന്നതിനോ, വിഭജിക്കുന്നതിനോ ആയി ഡെലിവർ ചെയ്യുമ്പോൾ അതു കൈപ്പററുന്നതിന്റെ രസീതിന്റെ ഫാറത്തിന്;

(ഞ) സ്റ്റാക്കിന്റെ രൂപത്തിലുള്ള ഗവൺമെൻറ് ഈടുപത്രങ്ങൾ സംബന്ധിച്ച രേഖകൾ സാക്ഷിപ്പെടുത്തേണ്ട രീതിക്ക്;

(ട) ഗവൺമെൻറ് ഈടുപത്രത്തെ സംബന്ധിക്കുന്ന രേഖയോ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രോമിസറി നോട്ടിന്റെ പുറത്തുള്ള ഏതെങ്കിലും എൻഡോഴ്സ്മെന്റോ സംബന്ധിച്ച്, ഏതെങ്കിലും കാരണത്താൽ എഴുതാൻ

കഴിവില്ലാത്ത ഒരാൾ ആവശ്യപ്പെടുന്നതിൻമേൽ, അയാൾക്കുവേണ്ടി ഒപ്പിട്ടു പൂർത്തികരിക്കുന്ന രീതിക്ക്;

(ഠ) 16-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ബോണ്ടുകളുടെ ഫാറത്തിന്;

(ഡ) 25-ാം വകുപ്പിൻകീഴിൽ, ഗവൺമെൻറ് ഈടുപത്രങ്ങളുടേയും, ബുക്കുകളുടേയും രജിസ്ററർകളുടേയും മററു രേഖകളുടേയും പരിശോധന അനുവദിക്കാവുന്നതോ, അല്ലെങ്കിൽ അവയിൽനിന്ന് വിവരം നൽകാവുന്നതോ, ഏതു പരിതഃസ്ഥിതികളിലും രീതിയിലും ആണെന്നും ഏതു ഉപാധികൾക്ക് വിധേയമായാണെന്നും; ഉള്ളതിന്;

(ഝ) നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഉത്തരവുകൾ ചെയ്യുന്നതിന് അനുവർത്തിക്കേണ്ട നടപടികൾ;

(ഞ) 7-ാം വകുപ്പിലെ പരിമിതി വ്യവസ്ഥയിൽ പരാമർശിക്കുന്ന സർട്ടിഫിക്കററ് ഏതു അധികാരസ്ഥാനത്താൽ നൽകപ്പെടേണ്ടതാണെന്നും, അതിൽ പറയുന്ന അന്വേഷണവിചാരണ ഏതു രീതിയിൽ നടത്തണമെന്നുള്ളതിന്;

(ഠ) 9 ഖ വകുപ്പിൻകീഴിൽ ഏതു ഫാറത്തിലും ഏത് ആളുകൾക്ക് അനുകൂലമായും ആണ് നാമനിർദ്ദേശം ചെയ്യാവുന്നതെന്നും, അങ്ങനെയുള്ള നാമനിർദ്ദേശങ്ങൾ ഏതു രീതിയിലും ഏതു ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും ആണ് നടത്തേണ്ടതെന്നും, അങ്ങനെയുള്ള നാമനിർദ്ദേശങ്ങൾ രജിസ്ററർ ചെയ്യുന്നതിനും മാററുന്നതിനും അല്ലെങ്കിൽ റദ്ദാക്കുന്നതിനും അങ്ങനെയുള്ള രജിസ്ററർ ചെയ്യലിനോ, മാററം വരുത്തലിനോ, റദ്ദാക്കലിനോ ചുമത്താവുന്ന ഫീസുകൾക്കും;

(ഡ) 9 ഖ വകുപ്പ്, (4)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് ഏതെങ്കിലും ആളെ നിയമിക്കുന്നത് ഏതു രീതിയിൽ ആയിരിക്കണമെന്നുള്ളതിന്;

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കപ്പെട്ടതിനുശേഷം, ആകുന്നത്രവേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അധിലധികമോ സമ്മേളനത്തിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ് ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന് അതതുസംഗതിപോലെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ ഇല്ലായിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാലത്, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

29. ഇൻഡ്യൻ ഈടുപത്രങ്ങൾ ആക്ററ്, 1920 1920-ലെ 10)-ം, ആ നിയമത്തിന് തൽസ്ഥാനീയമായി, പൊതുക്കടം (ഭേദഗതി) ആക്ററ്, 1956 (1956-ലെ 57)-ന്റെ പ്രാരംഭത്തിനുതൊട്ടുമുമ്പ് ഏതെങ്കിലും ഭാഗം ഖ സ്റേററിൽ പ്രാബല്യത്തിലിരുന്ന ഏതൊരു നിയമവും, ഈ ആക്ററ് ബാധകമാകുന്ന ഗവൺമെന്റ് ഈടുപത്രങ്ങൾക്കും, ഈ ആക്ററുവഴി വ്യവസ്ഥ ചെയ്യപ്പെടുന്ന എല്ലാ സംഗതികൾക്കും ബാധകമാകുന്നതല്ലാതായിത്തീരുന്നതാകുന്നു:

എന്നാൽ അങ്ങനെ തൽസ്ഥാനീയമായ ഏതെങ്കിലും നിയമം ഹൈദ്രാബാദ് ഗവൺമെന്റോ സൗരാഷ്ട്രാ ഗവൺമെന്റോ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റോ 1953 മാർച്ച് 31-ാം തീയതിക്കോ അതിനു മുമ്പോ ഉണ്ടാക്കുകയും പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും ഈടുപത്രങ്ങൾക്കോ അവ സംബന്ധിച്ചോ, കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്നതുപോലെ; പൊതുക്കട (ഭേദഗതി) ആക്ററ്, 1956 (1956-ലെ 57)-ന്റെ പ്രാരംഭം മുതൽ ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കു തുടർന്ന് ബാധകമായിരിക്കുന്നതാണ്.

**ചില നിയമങ്ങൾ ഗവൺമെന്റ് ഈടുപത്രങ്ങൾക്ക് ബാധകമല്ലെന്ന്**

30. ഭാഗം ഖ സ്റേററ് (നിയമങ്ങൾ) ആക്ററ്, 1951 (1951-ലെ 3)-ന്റെ പ്രാരംഭത്തിനു മുമ്പ്, ഏതെങ്കിലും ഭാഗം ഖ സ്റേററിലോ അങ്ങനെയുള്ള സ്റേററിന്റെ ഏതെങ്കിലും ഭാഗത്തോ വ്യാപിക്കാത്ത ഏതെങ്കിലും നിയമത്തെക്കുറിച്ച് ആക്ററിലുള്ള ഏതെങ്കിലും പരാമർശത്തിൽ, എവിടെ ആവശ്യമാണോ അവിടെ ആ സ്റേററിലോ അല്ലെങ്കിൽ, അതതു സംഗതിപോലെ, അതിലെ ഏതെങ്കിലും ഭാഗത്തോ മുൻപറഞ്ഞ തീയതിക്ക് മുൻപ് പ്രാബല്യത്തിലിരുന്ന, തൽസ്ഥാനീയമായ നിയമം, എന്തെങ്കിലും ഉണ്ടെങ്കിൽ സംബന്ധിച്ച ഒരു പരാമർശം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കുന്നതാകുന്നു.

**ഭാഗം ഖ സ്റേററുകളിൽ 1951 ഏപ്രിൽ 1-ാം തീയതിക്കു മുമ്പ് പ്രാബല്യത്തിലില്ലായിരുന്ന നിയമങ്ങളെക്കുറിച്ചുള്ള പരാമർശനത്തിന്റെ അർത്ഥകല്പനം**

31. ജമ്മു-കാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെക്കുറിച്ച് ഈ ആക്ററിലുള്ള ഏതെങ്കിലും പരാമർശത്തിൽ എവിടെ ആവശ്യമാണോ അവിടെ, ആ സ്റേററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയമായ നിയമം എന്തെങ്കിലും ഉണ്ടെങ്കിൽ, സംബന്ധിക്കുന്ന പരാമർശം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കുന്നതാകുന്നു.

**ജമ്മു-കാശ്മീരിൽ പ്രാബല്യത്തിലില്ലാത്ത നിയമങ്ങളുടെ പരാമർശങ്ങളുടെ അർത്ഥകല്പനം**

---